


# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.പി.കെ.ഡി.പി.11/1163/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/09/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്മേലും അതിന്മേൽ എടുത്ത തീരുമാനത്തിന്മേലും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 23/09/2025
കെ.എസ്.എ.പി.കെ.ഡി.പി.11/1163/25

# പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2024 മുതൽ 31-05-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി.ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 19-06-2025 | 27-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-06-2025 | 27-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുലൈമാൻ.ഐ. ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജേശ്വരി.സി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഗീത.കെ.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സുനിൽകുമാർ.എൻ.വി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനിഷ.എസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അനിൽകുമാർ എസ് | സെക്രട്ടറി | 01-04-2024 | 05-05-2024 |
| ശ്രീമതി മേരി ബിബിയാന | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-05-2024 | 07-06-2024 |
| ശ്രീ അനിൽകുമാർ എസ് | സെക്രട്ടറി | 08-06-2024 | 02-10-2024 |
| ശ്രീ മധു എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-10-2024 | 17-11-2024 |
| ശ്രീ അനിൽകുമാർ എസ് | സെക്രട്ടറി | 18-11-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുഹൈന. എ | കൃഷി ഓഫീസർ | 01-04-2024 | 28-04-2024 |
| ശ്രീമതി ശ്രീദേവി വി | കൃഷി ഓഫീസർ | 29-04-2024 | 31-03-2025 |
| ശ്രീമതി മേരി ബിബിയാന | അസി.സെക്രട്ടറി | 01-04-2024 | 18-09-2024 |
| ശ്രീ മധു എസ് | അസി.സെക്രട്ടറി | 19-09-2024 | 31-03-2025 |
| ഡോ.ശബരി നാഥ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ലിന്റ. എസ് | വി.ഇ.ഒ 1 | 01-04-2024 | 31-03-2025 |
| ശ്രീമതി സുമി. പി | വി.ഇ.ഒ 2 | 01-04-2024 | 31-03-2025 |
| ശ്രീമതി മായാ നായർ | എച്ച്.എം | 01-04-2024 | 12-06-2024 |
| ശ്രീമതി ജയന്തി | എച്ച്.എം | 13-06-2024 | 31-03-2025 |
| ശ്രീമതി ശ്രുതി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 22-12-2024 |
| ശ്രീമതി സ്മൃതി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 23-12-2024 | 31-03-2025 |
| ശ്രീ സതീഷ്കുമാർ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ.അമ്മു.ബി.ബി | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 01-04-2024 | 31-03-2025 |
| ഡോ. ശങ്കര സുബ്രഹ്മണ്യൻ | മെഡിക്കൽ ഓഫീസർ, പ്രാഥമിക | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ആരോഗ്യ കേന്ദ്രം | | |
| ശ്രീമതി അഫ്ല | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 20-05-2024 |
| ശ്രീ സുദർശൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-05-2024 | 31-03-2025 |
| ശ്രീമതി അന്നപൂർണി കെ | ഐ സി ഡി എസ് സൂപ്പർവൈസർ (ഇൻ ചാർജ്) | 01-04-2024 | 10-04-2024 |
| ശ്രീമതി തങ്കം പി | ഐ സി ഡി എസ് സൂപ്പർവൈസർ | 11-04-2024 | 27-02-2025 |
| ശ്രീമതി അന്നപൂർണി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 28-02-2025 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-2 |
| 4 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-3 |
| 5 | വാർഷിക കണക്കുമായി പൊരുത്തപ്പെടാത്ത തുകകൾ | 1-1-4 |
| 6 | സഞ്ചയ സോഫ്ട്വെയറിലെയും വാർഷിക ധനകാര്യ പത്രികയിലെയും വസ്തു നികുതി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | കണ്ടം  ചെയ്ത ജീപ്പിന്റെ ആദ്യ ലേലം റദ്ദ് ചെയ്ത തീരുമാനത്തിനാൽ പഞ്ചായത്തിന്  നഷ്ടം | 1-11 |
| 17 | സൺ വാലി റിസോർട്ട്- യൂ.എ നമ്പർ നല്കി നികുതി ഇടാക്കിയിട്ടില്ല | 1-12 |
| 18 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-13 |
| 19 | മുറ്റത്തൊരു മീൻ തോട്ടം - അനർഹർക്ക് ആനുകൂല്യം നല്കി | 1-14 |
| 20 | പട്ടിക ജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്ന് - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-15 |
| 21 | എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ് | 1-16 |
| 22 | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല | 1-17 |
| 23 | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല | 1-18 |
| 24 | കോക്ലിയർ ഇംപ്ലാന്റേഷൻ - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 25 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 26 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (SO)- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-21 |
| 27 | ഗ്യാസ് ക്രിമറ്റോറിയം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-22 |
| 28 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-23 |
| 29 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-24 |

| | | |
|---|---|---|
| 30 | എ.ബി.സി പദ്ധതിയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 31 | അനിവാര്യ വകയിരുത്തലുകളിൽ ഉൾപ്പെട്ട പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് | 1-26 |
| 32 | വിദ്യാർത്ഥികൾക്ക് പഠനമുറി - എസ്.സി (New) - നിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ അനുവദിക്കേണ്ടതാണ് | 1-27 |
| 33 | സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് | 1-28 |
| 34 | പൊതുമരാമത്ത് പ്രവൃത്തികൾ ഇൻഷൂർ ചെയ്യുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല | 1-29 |
| 35 | കരാർ വയ്ക്കുന്നതിൽ കാലതാമസം-നിയമാനുസൃതം ഈടാക്കേണ്ടുന്ന പിഴ ഈടാക്കിയിട്ടില്ല | 1-30 |
| 36 | കംപോസിറ്റ് പിറ്റുകൾ ഉപയോഗരഹിതമായി അവശേഷിക്കുന്നു | 1-31 |
| 37 | ടേക്ക് എ ബ്രേക്ക്-തുടർ നടത്തിപ്പ് -സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല | 1-32 |
| 38 | ആസ്തി സംരക്ഷണ പദ്ധതി, മാസ്റ്റർ ഡ്രൈനേജ് പദ്ധതി, അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി എന്നിവ തയ്യാറാക്കുന്നത് സംബന്ധിച്ച് | 1-33 |
| 39 | ജൽജീവൻ മിഷൻ' - പദ്ധതി അവലോകനം | 1-34 |
| 40 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മുറ്റത്തൊരു മീൻ തോട്ടം - അനർഹർക്ക് ആനുകൂല്യം നല്കി | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- അടവാക്കിയതിന്റെ വിശദാംശങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയത് | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവു ചെലവ് കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14-05-2025 തീയതിയിലെ തീരുമാനം നം.2 പ്രകാരം അംഗീകരിച്ച് 20-05-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ്

നിരീക്ഷണങ്ങൾക്ക് വിധേയമായി, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി :

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

## 1-1-2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

## 1-1-3 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31-03-2025 |

| | | |
|---|---|---|
| 110100102 | Property Tax On Non Residential Building | 31-03-2025 |
| 110200101 | Profession Tax Institution | 31-03-2025 |
| 110200105 | Profession Tax Traders | 31-03-2025 |

## 1-1-4 വാർഷിക കണക്കുമായി പൊരുത്തപ്പെടാത്ത തുകകൾ

### എ) സ്വച്ഛ് ഭാരത് അഭിയാൻ

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 238450 | 238450 | 238450 | 0 |

B4 പ്രകാരം നീക്കിയിരിപ്പ് 166450 ഉണ്ട്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 166450+72000 = 238450രൂപയും ആകെ ചെലവുണ്ട്.

### ബി) ആശ്രയ ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആശ്രയ പദ്ധതിയ്ക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 826915 | 0 | 826915 | 122790 | 704125 |

### സി) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ബാങ്ക്)

B -4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 1968397രൂപയാണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 1981078രൂപയാണ്. 12681രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### ഡി) വാർഷിക കണക്കിലെയും ലോൺ രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ | വർഷം തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| KURDFC ലോൺ - ലൈഫ് പദ്ധതി | 0 | 20141386* | 20141386 | 2638176 | 0 | 17503210 |

*2023-24 വർഷത്തെ B5 പ്രകാരമുള്ള CBയും 2024-25 വർഷത്തെ OB യും തമ്മിൽ 280001രൂപയുടെ വ്യത്യാസമുള്ളതിനാൽ വാർഷിക കണക്കിലെ നീക്കിയിരിപ്പിലും ടി വ്യതാസമുണ്ട്. വാർഷിക കണക്ക് പ്രകാരം 17223209രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 സഞ്ചയ സോഫ്ട്വെയറിലെയും വാർഷിക ധനകാര്യ പത്രികയിലെയും വസ്തു നികുതി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്ട്വെയറിലെയും വാർഷിക ധനകാര്യ പത്രികയിലെയും റെസിഡെൻഷ്യൽ / നോൺ റെസിഡെൻഷ്യൽ വസ്തു നികുതി തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഓഡിറ്റ് അന്വേഷണം നം 02 /20.06.2025 വഴി വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു.
റെസിഡെൻഷ്യൽ / നോൺ റെസിഡെൻഷ്യൽ ഹെഡ് -കൾ പരസ്പരം മാറിപ്പോയതിനാലാണ് പൊരുത്തപ്പെടാതെ പോയതെന്നും , ഈ പിശക് പരിഹരിക്കാൻ ഐ കെ എം -നോട് കത്ത് വഴി അപേക്ഷിച്ചിട്ടുണ്ട് എന്നും മറുപടി ലഭിച്ചിട്ടുണ്ട് . ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം – ബാക്കി തുക (ലഭിക്കാനുള്ള വസ്തു നികുതി) | സഞ്ചയ ഡി സി ബി പ്രകാരം –ബാക്കി തുക (ലഭിക്കാനുള്ള വസ്തു നികുതി ) |
|---|---|---|
| റെസിഡെൻഷ്യൽ | B15<br>Arrear – 121316<br>Current - 32241 | DCB<br>Arrear – 7096<br>Current - 2842 |
| നോൺ-റെസിഡെൻഷ്യൽ | B15<br>Arrear – 7096<br>Current - 2842 | DCB<br>Arrear – 121316<br>Current - 32241 |

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 07-02-2024 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ് 15-02-2025 - ലെ തീരുമാനം നം.3 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹1880749 |
| തൻവർഷം വരവ് | ₹351308500 |
| ആകെ വരവ് | ₹353189249 |
| ചെലവ് | ₹351105800 |
| നീക്കിയിരിപ്പ് | ₹2083449 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹21608140.36 |
| വരവ് | ₹57611603 |
| ആകെ | ₹79219743.36 |
| ചെലവ് | ₹47595093 |
| നീക്കിയിരിപ്പ് | ₹31624650.36 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.
മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖ. 1-4 ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 21986000 | 21986000 | 20282502 | 1703498 |
| വികസനഫണ്ട് എസ്.സി.പി | 0 | 12700000 | 12700000 | 11575854 | 1124146 |
| വികസനഫണ്ട് ടി.എസ്.പി | 0 | 356000 | 356000 | 356000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 27613000 | 27613000 | 23787273 | 3825727 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8946000 | 8946000 | 7754656 | 1191344 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ബാങ്ക്) | 1717542 | 3934864 | 5652406 | 3671328 | 1981078 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് ഗ്രാന്റ്-ട്രഷറി (സ്പിൽ ഓവർ) | 0 | 495390 | 495390 | 495390 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ബാങ്ക്) | 4380411 | 8184500 | 12564911 | 2653373 | 9911538 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പെർഫോമൻസ്) | 0 | 1935270 | 1935270 | 1935270 | 0 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 943792 | 466515 | 1410307 | 920522 | 489785 |
| ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres) | 246697 | 696955 | 943652 | 235974 | 707678 |

### എ) കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വ മിഷൻ ഗ്രാന്റ് | 555750 | 0 | 555750 | 0 | 555750 |
| സ്വച്ഛ് ഭാരത് അഭിയാൻ* | 0 | 238450 | 238450 | 238450 | 0 |
| ICDS | 3247293** | 2881767 | 6129060 | 2784011 | 3345049 |

*B4 പ്രകാരം നീക്കിയിരിപ്പ് 166450 ഉണ്ട്. എന്നാൽ * 166450+72000 = 238450രൂപയും ആകെ ചെലവുണ്ട്.

** 2023-24 വർഷത്തിലെ ICDS Central Share നീക്കിയിരിപ്പ് 4345416 രൂപയിൽ 1098123 രൂപയുടെ ചെലവ് പ്രതിഫലിച്ചിരുന്നില്ല. ആയത് കുറച്ചിട്ടുള്ള യഥാർത്ഥ മുൻബാക്കിയാണ് ചേർത്തിട്ടുള്ളത്.

### ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| ഭരണചെലവുകൾ | 746 | 2155345 | 2156091 | 2151381 | 4710 |
| തൊഴിലാളികളുടെ വേതനം | 0 | 37647124 | 37647124 | 37647124 | 0 |
| ആകെ | 746 | 39802469 | 39803215 | 39798505 | 4710 |

### സി) പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 447914 | 0 | 447914 | 0 | 447914 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 183960 | 0 | 183960 | 0 | 183960 |
| സാക്ഷരത | 9015 | 0 | 9015 | 0 | 9015 |
| ജലനിധി | 10885 | 0 | 10855 | 0 | 10855 |
| ആശ്രയ* | 826915 | 0 | 826915 | 122790 | 704125 |
| ലൈഫ് മിഷൻ (State Share) | 400000 | 1800000 | 2200000 | 0 | 2200000 |

*അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആശ്രയ പദ്ധതിയ്ക്ക് ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 293 | 168000631 | 200 | 85967594 | 93 | 68.25 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിതുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ | ചെലവഴിച്ചതുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 18023441 | 12840139 | 71.24% |
| വി.ഇ.ഒ. 1 | 11 | 11 | 34800894 | 8703500 | 25.01% |
| വി.ഇ.ഒ. 2 | 9 | 7 | 2546128 | 1120081 | 43.99% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 9397411 | 5981669 | 63.65% |
| സെക്രട്ടറി | 53 | 30 | 22741970 | 11836220 | 52.05% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 134 | 77 | 54786729 | 31771387 | 57.99% |
| മെഡിക്കൽ ഓഫീസർ-PHC | 16 | 13 | 7607801 | 4715767 | 61.99% |
| മെഡിക്കൽ ഓഫീസർ- | 5 | 4 | 980000 | 866722 | 88.44% |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| വെറ്ററിനറി സർജൻ | 10 | 8 | 3526130 | 1430532 | 40.57% |
| പ്രധാന അധ്യാപകൻ | 15 | 15 | 2717985 | 2680409 | 98.62% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 2900000 | 1765725 | 60.89% |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 9 | 7836142 | 2209443 | 28.20% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 136000 | 46000 | 33.82% |
| **ആകെ** | **293** | **200** | **168000631** | **85967594** | **51.17** |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| ഭരണചെലവുകൾ | 746 | 2155345 | 2156091 | 2151381 | 4710 |
| തൊഴിലാളികളുടെ വേതനം | 0 | 37647124 | 37647124 | 37647124 | 0 |
| ആകെ | 746 | 39802469 | 39803215 | 39798505 | 4710 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 12515200 | 779 |
| 2 | വാർദ്ധക്യകാല പെൻഷൻ | 40159200 | 2779 |
| 3 | വികലാംഗ പെൻഷൻ | 6537200 | 419 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1400400 | 92 |
| 5 | വിധവാ പെൻഷൻ | 25336400 | 1689 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-06-2025 തീയതിയിൽ 3.40 Pm ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 7092രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

01.04.25 മുതൽ ഗ്രാമപഞ്ചായത്തിൽ K-SMART സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൂർണ്ണമായും K-SMART സംവിധാനത്തിലൂടെയാണ് വരവ് -ചെലവ് വിവരങ്ങൾ അക്കൌണ്ട് ചെയ്യപ്പെടുന്നത്. എന്നാൽ K-SMART ലേക്ക് മാറിയതുമുതൽ വരവ് ചെലവ് വിവരങ്ങൾ റീകൺസിൽ ചെയ്യപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്ക് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മീറ്ററിങ്ങ് പൂർണ്ണമായും നടപ്പിലാക്കി തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന് ബാധ്യതയാകുന്നതിനാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സുകളായ വസ്തു നികുതി, വെള്ളക്കരം എന്നിവയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

04-05-2015 മുതൽ 18-05-2015 വരെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15 വർഷത്തെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 12/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

## 1-11 കണ്ടം ചെയ്ത ജീപ്പിന്റെ ആദ്യ ലേലം റദ്ദ് ചെയ്ത തീരുമാനത്തിനാൽ പഞ്ചായത്തിന് നഷ്ടം

ഫയൽ നം.A3-8244/23

12.05.2024 ന് രജിസ്ട്രേഷൻ കാലാവധി പൂർത്തിയാക്കിയ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പഴയ ജീപ്പ് KL 09X 2412 എന്ന വാഹനം 99000 രൂപ കുറയാതെ ലേലം ചെയ്തു വിറ്റൊഴിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ 01.03.2024ന് അനുമതി നൽകിയതാണ് . 02.04.2024 ൽ നടന്ന ആദ്യ ലേലത്തിൽ ശ്രീ. രാജേഷ് എന്ന വ്യക്തി 102500 രൂപയ്ക്ക് ലേലത്തിൽ ഉറപ്പിച്ചിട്ടുള്ളതും തുക അടവാക്കിയതായും കാണുന്നു . എന്നാൽ അടിസ്ഥാനരഹിതമായ ഒരു ആരോപണം കാരണം, 06.04.2024 ലെ ഭരണസമിതിയുടെ തിടുക്കത്തിലും മുൻവിധിയോടും കൂടിയ തീരുമാനപ്രകാരം ആദ്യലേലം റദ്ദ് ചെയ്തതും, ശ്രീ രാജേഷ് ലേലത്തിന് അടവാക്കിയ തുക തിരികെ കൈമാറാനും, പുനർലേലം നടത്താൻ തീരുമാനിച്ചതുമാണ് . ഇതിനെതിരെ ശ്രീ.രാജേഷ് ബഹു. കേരള ഹൈക്കോടതിയിൽ ഹർജി ( ഹർജി നം WPC 15724 / 2024 ) ഫയൽ ചെയ്യുകയും , അദ്ദേഹത്തിന് അനുകൂലമായി 24.06.2024 -ന് അന്തിമവിധി വരുകയും ചെയ്തു. പ്രസ്തുത വിധിയുടെ ഖണ്ഡിക 10- ൽ ബഹു . ഹൈക്കോടതി ഉത്തരവിന്റെ തീയതി മുതൽ ഒരാഴ്ചയ്ക്കകം 102500 രൂപ ഹർജിക്കാരൻ പഞ്ചായത്തിൽ തിരികെ അടവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ അടവാക്കി ഒരാഴ്ചയ്ക്കകം

വാഹനം വിട്ടു നൽകാനാണ് ബഹു. ഹൈക്കോടതിയുടെ ഉത്തരവ്. ആ നിർദ്ദേശം ഹർജിക്കാരൻ പാലിക്കാത്തതിനാൽ പഞ്ചായത്തിന് ഉചിത തീരുമാനം ബഹു.ഹൈക്കോടതിയുടെ അനുമതിയോടെ കൈക്കൊള്ളാമായിരുന്നു. പക്ഷേ നാളിതുവരെ അങ്ങനെ ഒരു നടപടി പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല . ആദ്യ ലേലം റദ്ദ് ചെയ്ത ഭരണസമിതിയുടെ തീരുമാനം കാരണം പഞ്ചായത്തിന് താഴെ സൂചിപ്പിക്കുന്ന പ്രാഥമിക നഷ്ടം സംഭവിച്ചിരിക്കുന്നു .

| | |
|---|---|
| രണ്ടാം ലേലത്തിന്റെ പരസ്യത്തിന് ചെലവായ തുക | 8500 രുപ |
| ആദ്യ ലേലത്തിൽ വിറ്റു പോയിരുന്നെങ്കിൽ 102500 രൂപ ഒരു വർഷത്തേക്ക് പൊതു മേഖല ബാങ്കിൽ നിക്ഷേപിച്ച്,6.75% നിരക്കിൽ ബാങ്കിൽ നിന്നും കിട്ടാവുന്ന പലിശ | 6919 രുപ |
| ഇതിനു പുറമെ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട വക്കാലത്ത് / വക്കീൽ ഫീസ് ( Vakkalath And Advocate Fees ) | കൃത്യമായ ചെലവ് വിവരം ലഭിച്ചിട്ടില്ല. |

യഥാസമയം വാഹനം വിറ്റിരുന്നുവെങ്കിൽ ഈയിനത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള വൻതുകയുടെ വരുമാന നഷ്ടം ഒഴിവാക്കാമായിരുന്നു. രജിസ്ട്രേഷൻ കാലാവധി 2024 മെയ് മാസത്തിൽ അവസാനിച്ചതിനാലും 15 വർഷം ഉപയോഗിച്ച സർക്കാർ വാഹനമായതിനാലും വിശദമായി പരിശോധിച്ചാൽ ഇതിലും ഭീമമായ താഴെ വിവരിക്കുന്ന നഷ്ടം സംഭവിച്ചിരിക്കുന്നു.
കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ (MoRTH) വിജ്ഞാപനം GSR No 29 (E) തീ 17/01/2023 പ്രകാരം 15 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള എല്ലാ സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങളും വാഹനം നല്ല നിലയിലാണോ അല്ലയോ എന്നത് പരിഗണിക്കാതെ നിർബന്ധമായും സ്ക്രാപ്പ് ചെയ്യേണ്ടതാണ് എന്ന് പരാമർശിക്കുന്നുണ്ട്. അതായത് 15 വർഷത്തിനപ്പുറം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാൻ അനുവാദമില്ല എന്നും അവയുടെ രജിസ്ട്രേഷൻ റദ്ദാക്കി അംഗീകൃത വാഹന സ്ക്രാപ്പിംഗ് സൗകര്യത്തിൽ (AVSF) സ്ക്രാപ്പിംഗിനായി അയയ്ക്കണം എന്ന നിയമം ബാധകമായതിനാൽ, പ്രസ്തുത വാഹനം സ്ക്രാപ്പ് (ആക്രി) ആയി മാറി എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.
പ്രസ്തുത വാഹനം കണ്ടം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിലേക്ക് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ കൊടുത്ത ഓഡിറ്റ് അന്വേഷണം നം. 24/27.06.2025 -ന് മറുപടി ലഭ്യമായിട്ടില്ല.



## 1-12 സൺ വാലി റിസോർട്ട്- യൂ.എ നമ്പർ നല്കി നികുതി ഇടാക്കിയിട്ടില്ല

അനധികൃതമായി പ്രവർത്തിക്കുന്ന സൺ വാലി റിസോർട്ട്- ക്രമവൽക്കരിക്കുകയോ യൂ.എ നമ്പർ നല്കി നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.
സ. ഉ. (പി) നമ്പർ 21/2024/എൽ.എസ്.ജി.ഡി. തീ 09.02.2024 . കേരള പഞ്ചായത്ത് കെട്ടിട ചട്ടങ്ങൾ (അനധികൃത നിർമ്മാണ ക്രമവൽക്കരണം ) എസ് അർ ഒ 168/24 പ്രകാരവും , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 203 ഉം അനുബന്ധ നിയമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ അധികാര പരിധിയിലുള്ള എല്ലാ കെട്ടിടങ്ങൾക്കും അവ ഉപയോഗിക്കുന്നതോ/ കൈവശം വച്ചിരിക്കുന്നതോ , അവ അംഗീകൃതമോ/നിയമവിരുദ്ധമായി നിർമ്മിച്ചതോ (അനധികൃത നിർമ്മിതി ) എന്ന സ്റ്റാറ്റസ് നോക്കാതെ നികുതി ചുമത്താനും അത് ഈടാക്കാനുമുള്ള അനുവാദം നൽകുന്നു.
അംഗീകൃത പ്ലാനുകൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ , ബിൽഡിംഗ് പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ഇവയെല്ലാം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (KPBR 2019 ) സെക്ഷൻ 7(4) പ്രകാരം ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾക്ക് താല്കാലിക നമ്പർ ( Temporary Number ) ആയി UA ( Unauthorised Assessment ) നമ്പർ കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് (Regularise) കിട്ടുന്നത് വരെ 2 മടങ്ങു പിഴ സഹിതം 3 മടങ്ങു വസ്തു നികുതി അടക്കണം.
പഞ്ചായത്തിലെ A 4 - 2841 / 2024 എന്ന ബിൽഡിംഗ് റെഗുലറൈസേഷൻ ഫയൽ പരിശോധിച്ചപ്പോൾ വാർഡ് 8, നാലാം മൈലിൽ പ്രവർത്തിക്കുന്ന **സൺ വാലി** എന്ന റിസോർട്ട് 1132 ച മീ , അസംബ്ലി ബിൽഡിംഗ് 387 ച മീ ( ഹോം സ്റ്റേ) എന്നിങ്ങനെയുള്ള കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ച് അനധികൃതമായി പ്രവർത്തിച്ച് വരുന്നതായി കാണുന്നു. പക്ഷേ കെട്ടിടങ്ങൾക്ക് UA നമ്പർ അനുവദിച്ചതായോ അതിൽ നിന്നും കെട്ടിട നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് യൂ.എ നമ്പർ നല്കി ക്രമവൽക്കരണ ഫീസ് , വസ്തു നികുതി എന്നിവ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ കൊടുത്ത ഓഡിറ്റ് അന്വേഷണം നം 29/27.06.2025 -ന് മറുപടി ലഭ്യമായിട്ടില്ല.
പ്രസ്തുത റിസോർട്ടിന് UA നമ്പർ അനുവദിച്ച് പിഴ സഹിതം 3 മടങ്ങു വസ്തു

നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.



## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (Ii)എ(I) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ ഗ്രാമപഞ്ചായത്തിലും ഗ്രാമപഞ്ചായത്ത് പരിധിയിലുമായി ഓഡിറ്റു കാലയളവിലെ അർദ്ധവർഷങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന കരാറുകാർ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടും അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2024-25 വർഷത്തെ വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന കരാറുകാർ പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ( ഓഡിറ്റ് അന്വേഷണം നം 16 /26.06.2025 -ന് മറുപടി ലഭ്യമായിട്ടില്ല.)

| ക്രമ നം | കരാറുകാരുടെ പേര് | പദ്ധതിയുടെ പേര് |
|---|---|---|
| 1 | ശ്രീ . പ്രസൂൽ | വിവിധ അങ്കണവാടികളുടെ നവീകരണം |
| 2 | ശ്രീ . അഭിലാഷ് ആർ | ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ പണി |
| 3 | ശ്രീ. രാജേഷ് പി | എംസിഎഫ് നവീകരണം |
| 4 | ശ്രീ. രാജീവ് വി | റോഡ് ടാറിങ്, കിണറുകളുടെ നവീകരണം |
| 5 | ശ്രീ. രാധാകൃഷ്ണൻ കെ | പണിക്കൽ ഭഗവതി റോഡ് ടാറിങ് |

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-14 മുറ്റത്തൊരു മീൻ തോട്ടം - അനർഹർക്ക് ആനുകൂല്യം നല്കി

| | |
|---|---|
| പദ്ധതി നമ്പരും, പേരും | 154 / 2025 മുറ്റത്തൊരു മീൻ തോട്ടം ( ജനറൽ ) |
| പദ്ധതി ചെലവ് | 8000 രൂപ , വികസന ഫണ്ട് - പൊതു വിഭാഗം - സാധരണ വിഹിതം |
| നിർവഹണോദ്യഗസ്ഥൻ | ഫിഷറീസ് ഓഫീസർ |
| ബിൽ നമ്പർ | 01 / 2024-25 തീയതി : 04.07.2024 ( BRN 23140452026401564174) |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ( സ .ഉ .നം 115/2022 / ത സ്വ ഭ വ. തീ 28.05 .2022 ) പ്രകാരം മത്സ്യമേഖലയിലെ (ഉല്പാദനം ) ഖണ്ഡിക 6.4 ബി.11 പ്രകാരം പദ്ധതികൾക്ക് ആനുകൂല്യം നൽകുന്നതിന് കുടുംബവാർഷിക വരുമാന പരിധി 5 ലക്ഷം രൂപ ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി . ആർഷ എന്ന ഗുണഭോക്താവിന്റെ വാർഷിക വരുമാനം 780000/- രൂപയാണെന്ന് റേഷൻ കാർഡ് പകർപ്പിൽ നിന്നും മനസ്സിലാകുന്നു. ആനുകൂല്യം കൈപ്പറ്റിയ ടി ഗുണഭോക്താവ് സംസ്ഥാന സർക്കാർ ജീവനക്കാരിയും ഗുണഭോക്താവിന്റെ ഭർത്താവ് സൈനിക ഉദ്യോഗസ്ഥനുമാണെന്നും റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (അക്കൌണ്ട് നം.67357226458-എസ്.ബി.ഐ, റേഷൻ കാർഡ് നം.1947132751) ആയതിനാൽ 8000രൂപ ആനുകൂല്യം നൽകിയത് മാർഗരേഖക്ക് വിരുദ്ധമാണ്. അനർഹർക്ക് ആനുകൂല്യം നൽകിയത് വഴി ചെലവ് ചെയ്ത 8000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 14/25.06.2025 -ന് മറുപടി ലഭ്യമായിട്ടില്ല. ( ഖണ്ഡിക 3.1 പരാമർശം കാണുക)

## 1-15 പട്ടിക ജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്ന് - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഹെഡ് മാസ്റ്റർ, ഗവൺമെന്റ് യു പി സ്കൂൾ , നല്ലേപ്പിള്ളി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്കുകളിലൂടെ പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും, ഫർണിച്ചർ എന്നിവ വിതരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം./ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ / തീയതി | വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത് |
|---|---|---|---|---|
| പ്രൊജക്ട് നമ്പർ 313/25 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | 90000/- വികസന ഫണ്ട് -സാധാരണ വിഹിതം - 66278/- , ടി | 54950/- | ബിൽ നമ്പർ 22-2024-25 തീയതി 22/3/2025 | ഫർണിച്ചർ - 14 പേർക്ക് |

| | | | | |
|---|---|---|---|---|
| | എസ് പി -23722/- | | | |
| പ്രൊജക്ട് നമ്പർ 146/25 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും(SO) | വികസന ഫണ്ട് എസ് സി പി - 230096/- | 1. 87278/- 2. 142818/- | 1.ബിൽ നമ്പർ 2-2024-25 തീയതി 21/5/2024 2.ബിൽ നമ്പർ 5-2024-25 തീയതി 21/5/2024 | മേശയും കസേരയും - 58 പേർക്ക് |
| പ്രൊജക്ട് നമ്പർ 145/25 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (SO) | വികസന ഫണ്ട് - ടി എസ് പി -87278/- | 87278/- | ബിൽ നമ്പർ 1-2024-25 തീയതി 21/5/2024 | ഫർണിച്ചർ - 22 പേർക്ക് |
| പ്രൊജക്ട് നമ്പർ 112/25 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 250000/- വികസന ഫണ്ട് - എസ് സി പി | 249984/- | ബിൽ നമ്പർ 24-2024-25 തീയതി 22/3/2025 | മേശയും കസേരയും - 44 പേർക്ക് |

ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യം കൈപ്പറ്റുന്ന വിദ്യാർത്ഥികൾ പട്ടികജാതി/വർഗ്ഗ വകുപ്പിൽ നിന്നും ഈയിനത്തിൽ മുമ്പ് ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ എല്ലാ വിദ്യാർത്ഥികളും പട്ടികജാതി/പട്ടിക വർഗ്ഗ വികസനവകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഏതാനും വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

1. അജയ് എസ് , S/O സുദേവൻ , ഇരട്ടക്കുളം

സ്കൂൾ - PSHS , ചിറ്റൂർ

2. കാർത്തിക കെ ബി D/O നീതു , തെക്കേദേശം , നല്ലേപ്പിള്ളി

സ്കൂൾ - GVGHS , ചിറ്റൂർ

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 28-27/06/2025 ന് മറുപടി ലഭ്യമാക്കായിട്ടില്ല

മേൽ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾക്ക് പട്ടികജാതി /പട്ടിക വർഗ്ഗ വികസനവകുപ്പിൽ നിന്നം ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-16 എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 144/25 (എ.ബി.സി പ്രോഗ്രാം) (SO) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

| | |
|---|---|
| അടങ്കൽ | ₹300000(വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹300000 |
| ബിൽ നം/ തിയതി | C2-2024-25/23.05.2024, |

2024-25 വർഷത്തിൽ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായിട്ടുള്ള എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി 300000/- രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്കു (അക്കൗണ്ട് നം.799011400002200) നൽകിയിട്ടുണ്ട്.

തുകയുടെ വിനിയോഗ വിവരം ഹാജരാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 18-26/06/2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

## 1-17 സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല

മൃഗാശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമുള്ള മരുന്നുകൾ, മൃഗങ്ങളുടെ ആരോഗ്യം ഉത്പാദനക്ഷമത എന്നിവ വർധിപ്പിക്കാൻ ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതിനായി 2 പ്രൊജക്ടുകളാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻനടപ്പാക്കിയിട്ടുള്ളത്

| പ്രൊജക്ട് നമ്പർ | ബിൽ നം/ തീയതി | ഇൻവോയ്സ് നം/ തീയതി | തുക |
|---|---|---|---|
| മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ (209/25) | C9-2024-25 തീയതി 25/03/2025 | 16308 തീയതി 13/03/25 | ₹99990 |
| വെറ്ററിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ(34/25) | C10/2024-25 തീയതി 25/03/2025 | 16481 തീയതി 17/03/25 | ₹99990 |

മേൽ പ്രൊജക്ടുകളിലായി 2 ഇൻവോയ്സുകൾ പ്രകാരം മൃഗാശുപത്രിക്ക് മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങിയിട്ടുണ്ട്. 17/03/25 തീയതിയിലെ ഇൻവോയ്സ് നമ്പർ 16481 പ്രകാരം ഉൾപ്പെട്ട മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ (PDR XII) രേഖപ്പെടുത്തിയിട്ടില്ല . ഓഡിറ്റ് അന്വേഷണം 18-26/06/25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 37/25 വെറ്ററിനറി ഡിസ്പെൻസറി- കണ്ടിജൻസി ചെലവുകൾ |
| അടങ്കൽ | 50000 -മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹39752 |

വെറ്ററിനറി ഡിസ്പെൻസറിയുടെ കണ്ടിജൻസി ചെലവുകൾക്കായുള്ള താഴെ പറയുന്ന ചെലവു രേഖകളാണ് ഹാജരാക്കിയിട്ടിള്ളത്

1. ബിൽ നം C-11 2024-25 തീയതി 25/03/2025

തുക -₹ 19928

2. ബിൽ നം C-13/2024-25 തീയതി 25/03/2025

തുക - ₹13073

3. ബിൽ നം C-14/ 2024-25 തീയതി 26/03/2025

തുക –₹ 1002

4. ബിൽ നം.C8/ 2024-25 തീയതി 19/06/2024 തുക 5749/- .
ക്രമ നമ്പർ 4 പ്രകാരം രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം 18-26/06/25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 5749/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

ചെലവ് രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് രേഖകളൊന്നും തന്നെ ഇല്ലായെന്ന നിഗമനത്തിൽ 1997ലെ കേരള പഞ്ചായത്ത്‌രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ഈ രേഖകളൊന്നും തന്നെ ഇല്ലായെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-19 കോക്ലിയർ ഇംപ്ലാന്റേഷൻ - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | 336/25, കോക്ലിയർ ഇംപ്ലാന്റേഷൻ |
| അടങ്കൽ | ₹ 50000 (വികസനഫണ്ട് -പൊതുവിഭാഗം) |
| ചെലവ് | ₹50000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |
| ബിൽ നം./ തീയതി | 337-03/01/2025 Bill Reference No. 24140452024001122488 Dt 03/01/2025 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 പ്രകാരം കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി ഒരു കുട്ടിക്ക് 50000രൂപ പ്രകാരം 50000രൂ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് (PUNB0330100-3301005800000015) കൈമാറിയിട്ടുണ്ട്. ഗുണഭോക്താവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ശ്രീരുദ്ര D/O സുന്ദരൻ, തോട്ടശ്ശേരി ഹൌസ്, നല്ലേപ്പിള്ളി

സ.ഉ സാധാ നം. 162/2023/SJD/26.07.2023 പ്രകാരം വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകണമെന്നും തസ്വഭ (ഡി എ) വകുപ്പിന്റെ 09.11.23-ലെ സർക്കുലർ നം. ഡി എ 1/284/2023-തസ്വഭവ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടികളുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ്. പ്രൊജക്ട് പ്രകാരം മേൽപ്പറഞ്ഞ ഗുണഭോക്താവിന് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 8-24/06/2025 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചികിത്സാപദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതും തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 124/25 (വയോജനങ്ങൾക്ക് കട്ടിൽ വിതരണം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ. സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 220000 (വികസന ഫണ്ട്- പൊതു വിഭാഗം) |
| ചെലവ് | 204440 |
| ബിൽ നം | 524- 15/03/2025 BRN -24140452024001545118 Dt 15/03/2025 |

60 വയസ്സ് പൂർത്തിയായ വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായാണ് പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. കട്ടിലുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കെ പി ഫർണിച്ചർ, കരന്തൂർ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ ഒന്നിന് 2690 രൂപ എന്ന നിരക്കിൽ താഴെപ്പറയും പ്രകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നം, തീയതി | കട്ടിലുകളുടെ എണ്ണം |
|---|---|
| 47 -തീയതി 21/03/2025 | 77 ഇൻവോയ്സ് പ്രകാരം |

കട്ടിലുകൾ വാങ്ങുന്നതിനായി 03/03/2025-ന് ടെണ്ടർ ക്ഷണിക്കുകയും ഏഴ് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കുകയും കെ പി ഫർണിച്ചർ, കാരത്തൂർ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങുകയും വില സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നം.098807300000020). സ്ഥാപനത്തിന്റെ ടെണ്ടർ 14.03.2025 തീയതി നടന്ന അടിയന്തിര യോഗത്തിലെ 2/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ടെണ്ടറിൽ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. എം ജെ എസ് എന്റർപ്രൈസസ് - 2692

2. ജെം എന്റർപ്രൈസസ് -3478

3. സംസം ഇൻഡ്യുസ്ട്രീസ് - 3188

4. എസ് എസ് ഇൻഡ്രസ്ട്രീസ് - സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല

5. എസ്. സാലി & അസോസിയേറ്റ്സ് -2890

6. അരുൺ ഇൻഡസ്ട്രീസ് - സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല

7. കെ പി ഫർണിച്ചർ - 2690

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 3/03/2025 – ന് ടെണ്ടർ ക്ഷണിക്കുകയും 12/03/2025- 3 മണി ക്ക് ടെണ്ടർ രേഖകൾ സ്വീകരിക്കുന്ന അവസാന തീയതിയായി നിശ്ചയിക്കുകയും 12/03/2025- 4 മണിക്ക് ടെണ്ടർ തുറക്കുകയും ചെയ്തിട്ടുണ്ട്.

2013 സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 7.33 പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിന് അനുവദിക്കേണ്ട കുറഞ്ഞ സമയം 15 ദിവസമാണ്. ഒരാഴ്ച സമയമാണ് ടെണ്ടർ സമർപ്പിക്കുന്നതിനായി അനുവദിച്ചിട്ടുള്ളത്.

(ഓഡിറ്റ് അന്വേഷണം 8-24/06/25)

മാർച്ച് 31 നകം തുക ചെലഴിക്കേണ്ടതിനാലും സമയ പരിധി കുറവായതിനാലാണ് 7 ദിവസത്തെ സമയം മാത്രം അനുവദിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്

സ്റ്റോർപർച്ചേസ് മാനുവലിൽ നിർദ്ദേശിച്ച പ്രകാരം നടപടി സ്വീകരിച്ചു കൊണ്ട് വാങ്ങലുകൾ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രൊക്യുർമെന്റ് കമ്മിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ 07/03/2025 തീയതിയിൽ യോഗത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ICDS സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കട്ടിലുകൾ വാങ്ങുന്നത് സംബന്ധിച്ചും ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് പ്രൊക്യുർമെന്റ് കമ്മിറ്റിയിൽ തീരുമാനം എടുത്തിട്ടില്ല.( ഓഡിറ്റ് അന്വേഷണം 8-24/06/25)

ഭരണസമിതി തീരുമാനപ്രകാരവും മെമ്പർമാർ എല്ലാവരും കണ്ട് കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ച്

തൃപ്തിവരുത്തിയ ശേഷമാണ് കട്ടിൽ വിതരണം നടത്തിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യുർമെന്റ് കമ്മിറ്റി ഗുണനിലവാരം പരിശോധിക്കേണ്ടതും ആയത് മിനിട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3. <u>GeM മുഖേനയുള്ള വാങ്ങൽ</u>

സ്റ്റോഴ്സ് പർച്ചേസ് മാനുവൽ ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് ജി.ഒ(പി) നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ GeM ( ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) ലൂടെ വാങ്ങണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോഴ്സ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. .

മേൽ വാങ്ങലുകൾ GeM ൽ ഉണ്ടോ എന്ന് പരിശോധിച്ചതായി കാണുന്നില്ല. ( ഓഡിറ്റ് അന്വേഷണം 8-24/06/25)

GeM ൽ നിന്ന് കട്ടിൽ വാങ്ങി വിതരണം നടത്തി തുക ചെലവഴിക്കാനുള്ള സമയപരിധി കുറവായതിനാലാണ് പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

GeM ൽ ലഭ്യമായിട്ടുള്ള 25000/- രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM ലൂടെ വാങ്ങേണ്ടതാണ്.

4. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 76 കട്ടിലുകളാണ് വിതരണം ചെയ്തിട്ടുള്ളത്. സ്ഥാപനത്തിന്റെ 21/03/2025 തീയതിയിലെ ഇൻവോയ്സ് നം 47 പ്രകാരം 77 കട്ടിലുകൾക്ക് 77x 2690= 207130/-രൂപയാണ്. മേൽ ബിൽ പ്രകാരം 204440/-രൂപ (76x2690) സ്ഥാപനത്തിന് നല്കിയിട്ടുള്ളത്. വ്യത്യാസത്തിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ( ഓഡിറ്റ് അന്വേഷണം 8-24/06/25) ന്

സപ്ലൈ ഓർഡർ 76 കട്ടിലിനാണ് നല്കിയിട്ടുള്ളതെന്നും കെ പി ഫർണിച്ചർ സാംപിൾ കൊണ്ടു വന്ന

കട്ടിലും ചേർത്ത് 77 കട്ടിലിന്റെ ഇൻവോയ്സ് തന്നതെന്നും മറുപടി നല്കിയിരിക്കുന്നു. 76 ഗുണഭോക്താക്കൾക്കു മാത്രമാണ് കട്ടിൽ വിതരണം നടത്തിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

അധികം വന്ന ഒരു കട്ടിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താവിനു വിതരണം ചെയ്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (SO)- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

പ്രോജക്ട്- 139/25 (SO)- എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ- 1050000 (വികസന ഫണ്ട്- എസ്. സി. പി)

ചെലവ്- 975000 (വികസന ഫണ്ട്- എസ്. സി. പി)
നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മിക്കുന്നതിനായി 200000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. സ്പിൽ ഓവർ പദ്ധതി പ്രകാരം അവസാന ഗഡുവായ 75000രൂപ 14 പേർക്ക് നൽകുന്നതിന് 1050000രൂപ അടങ്കൽ നിശ്ചയിച്ച് പദ്ധതി രൂപീകരിച്ചെങ്കിലും 13 പേരുടെ പഠനമുറി നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്. താഴെ പറയുന്ന ബില്ലുകൾ പ്രകാരമാണ് 13 പേർക്ക് 75000രൂപ വീതം ആകെ 975000രൂപ ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നം. | ബിൽ നം./ തീയതി |
|---|---|
| 1 | 2/10-5-24 |
| 2 | 3/10-5-24 |
| 3 | 4/10-5-24 |
| 4 | 5/10-5-24 |
| 5 | 6/10-5-24 |
| 6 | 7/10-5-24 |
| 7 | 11/2-7-24 |
| 8 | 12/2-7-24 |
| 9 | 13/2-7-24 |
| 10 | 14/2-7-24 |
| 11 | 16/30-7-24 |
| 12 | 17/31-7-24 |
| 13 | 18/2-8-24 |

പഠനമുറി രജിസ്റ്ററിന്റെ പരിശോധനയിൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നൽകാനുള്ള തുക | അവസാനമായി തുക |
|---|---|---|---|---|

| | | | | കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | അക്ഷര എം<br>D/O മണികണ്ഠൻ<br>കിഴക്കേകോളനി<br>കുറ്റിപള്ളം | 125000 | 75000 | 15-2-24 |

മേൽ ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. വാതിൽ വെക്കലും തറനിർമ്മാണവുമാണ് ഇനി പൂർത്തിയാക്കാനുള്ളത് എന്നാണ് ഓഡിറ്റ് അന്വേഷണം നം.20/27-06-2025 – ന്റെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

**1-22 ഗ്യാസ് ക്രിമറ്റോറിയം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 127/25, ശ്മശാനം നിർമ്മാണം (ഗ്യാസ്) |
| അടങ്കൽ | 6280000<br>2648251-വികസനഫണ്ട് - ജനറൽ<br>31749 – തനത് ഫണ്ട്<br>2000000 – ബ്ലോക്ക് വിഹിതം<br>1600000 – ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 2087507 - വികസനഫണ്ട് - ജനറൽ |
| ബിൽ നമ്പർ / തീയതി/തുക | 20/02-12-24/996284<br>21/2-12-24/1091223 |

പഞ്ചായത്തിന്റെ അധീനതയിലുള്ള കൊറ്റമംഗലം പ്രദേശത്ത് പൊതു ശ്മശാനത്തിൽ 80 സെന്റ് സ്ഥലത്തിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് 2018-19 വർഷത്തിൽ ഡി.പി.സിയുടെ അംഗീകാരം ലഭ്യമാക്കി ആരംഭിച്ചതാണ് പദ്ധതി. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2018-19 വർഷത്തിൽ 30 ലക്ഷം രൂപയും, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 20 ലക്ഷം രൂപയും പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് സ്ഥാപനമായ തൃശൂരിൽ പ്രവർത്തിക്കുന്ന കോസ്റ്റ് ഫോർഡിനെ ക്രിമറ്റോറിയം നിർമ്മാണത്തിനായി ചുമതലപ്പെടുത്തി. 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഗ്രാമപഞ്ചായത്തിന്റെ 11.01.2019 ലെ 2(1) -ാം നമ്പർ തീരുമാന പ്രകാരം ചർച്ച ചെയ്ത് അംഗീകാരം നൽകിയിട്ടുണ്ട്. കോസ്റ്റ് ഫോർഡിന് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% ആയ 10 ലക്ഷം രൂപ പ്രസ്തുത സ്ഥാപനത്തിന്റെ പാലക്കാട്

ശാഖയിലുള്ള കേരള ഗ്രാമീൺ ബാങ്കിന്റെ 40266100101449 നമ്പർ അക്കൗണ്ടിലേക്ക് 24.01.2019ലെ ബിൽ നം.27 പ്രകാരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം നിലനിൽക്കുന്നതുമാണ്. 2018-19 വർഷത്തിൽ 10 ലക്ഷം രൂപ മുൻകൂർ തുക നൽകിയതിനുശേഷം 2024-25 വർഷത്തിൽ മാത്രമാണ് മേൽ പട്ടികയിൽ പറയും പ്രകാരം 2087507തുക കോസ്റ്റ് ഫോർഡിന് അനുവദിച്ചിട്ടുള്ളത്.

കോസ്റ്റ് ഫോർഡുമായി സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയതിൽ (നം.NPLY/9/SEC 2024-25 Dtd-20-12-24) 31-03-25 – ന് പദ്ധതി പൂർത്തീകരിക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി പ്രകാരമുള്ളതും ഓഡിറ്റ് പരിശോധനയിൽ വ്യക്തമായ വിവരങ്ങളും താഴെ ചേർക്കുന്നു.

. 16-01-2022 – ലെ 2(1) ഭരണസമിതി തീരുമാന പ്രകാരം 7280000രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു.

. തുടർ പ്രവൃത്തികൾക്കായി സ്ഥാപനം കരാർ ഉടമ്പടി പ്രകാരം മുൻകൂറായി എസ്റ്റിമേറ്റിന്റെ സ്റ്റേജ് രണ്ട്, മൂന്ന് എന്നിവയുടെ 20% എന്നത് കണക്കാക്കി 17-10-23 -ന് 996284രൂപയുടെയും 25-03-24 തീയതിയിൽ 1091223 രൂപയുടെയും ബില്ല് സമർപ്പിച്ചുവെങ്കിലും ട്രഷറി നിയന്ത്രണം മൂലം പാസ്സായില്ല. തുടർന്ന് ക്യൂ ബില്ല് ആവുകയും മേൽ പട്ടികയിൽ പറയും പ്രകാരം തുക കരാർ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

. കോസ്റ്റ് ഫോർഡിൽ നിന്നും 22-03-2025- തീയതിയിലെ കത്ത് പ്രകാരം 3087507രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.

. 2025-26 വർഷത്തിൽ പ്രൊജക്ട് നം.211/26 സ്പിൽ ഓവർ പദ്ധതി പ്രകാരം 4192493രൂപ അടങ്കലിൽ (വികസന ഫണ്ട് ജനറൽ - 592493 + ബ്ലോക്ക് വിഹിതം - 2000000 + ജില്ലാ പഞ്ചായത്ത് വിഹിതം - 1600000 ) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അതുപ്രകാരം 1585829രൂപ ബ്ലോക്ക് വിഹിതം കൈമാറിയിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

. കെട്ടിടം നിർമ്മിച്ചിട്ടുള്ളതും ഗ്യാസ് ചേമ്പർ നിർമ്മിച്ച് പ്രവൃത്തി പുരോഗമിച്ച് വരുകയാണ് എന്നുമാണ് നിലവിലെ സ്ഥിതി വിവരം അറിയിച്ചിട്ടുള്ളത്.

പദ്ധതി ആരംഭിച്ച് 7 വാർഷിക പദ്ധതികൾ അവസാനിച്ചിട്ടും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. കോസ്റ്റ് ഫോർഡുമായി സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയതിൽ 31-03-2025 ന് പൂർത്തീകരിക്കുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. 31-03-2025 ന് കരാർ ഉടമ്പടി അവസാനിക്കുന്നതിന് മുന്നോടിയായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയിരുന്നു.എന്നാൽ വർക്ക് ബിൽ യഥാസമയം നൽകാത്തതാണ് പദ്ധതിതുക അനുവദിക്കാൻ സാധിക്കാതിരുന്നത് എന്നാണ് സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരണം ഉറപ്പാക്കി പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് മോണിറ്ററിംഗ് ശക്തമാക്കേണ്ടതും തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

**<u>1-23 കൂടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്</u>**

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന അഞ്ച് കുടിവെള്ള പദ്ധതികളുണ്ട്

| ക്രമ നം. | പേര് |
|---|---|
| 1 | വാക്കിനിചള്ള |
| 2 | മാട്ടുമന്ത |
| 3 | കൊറ്റമംഗലം |
| 4 | അണ്ണാംതോട് |
| 5 | കുറ്റിപ്പള്ളം |

ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ വിവരം സംബന്ധിച്ച് കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ പദ്ധതിക്കു കീഴിലും എത്ര ഗാർഹിക ഗാർഹികേതരകണക്ഷനുകൾ ഉണ്ട് എന്നതിന്റെ വിവരവും ലഭ്യമല്ല.

വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുത്ത കുടിവെള്ളചാർജിന്റെ വിവരവും കുടിശ്ശികയുടെ വിവരവും താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| തൻവർഷവരവ് | 338555 |
| കുടിശ്ശിക വരവ് | 116400 |
| **ആകെ വരവ്** | **454955** |
| തൻവർഷം പിരിച്ചെടുക്കാൻ ബാക്കി | 543685 |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 1434766 |
| **ആകെ കുടിശ്ശിക** | **1978451** |

മേൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/27-06-25) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിവെള്ളപദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05. 2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിന് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം നിലനിൽക്കുന്നുണ്ടെങ്കിലും നാളിതുവരെ കൈമാറാത്തതിനാൽ വർഷങ്ങളായി പഞ്ചായത്തിന്റെ ബാധ്യത തുടർന്നു വരുന്നു.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നിവക്കായി കൊഴിഞ്ഞാമ്പാറ, വേലന്താവളം, ചിറ്റൂർ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് തുകകൾ കൈമാറി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | അടങ്കൽ/ ഫണ്ട് | മുൻകൂർ നൽകിയ തുക | ബിൽ/വൗച്ചർ നം./തീയതി |
|---|---|---|---|---|---|
| 1 | 367/2025 | **സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ ഘട്ടം 2** | 500000 (250000-വികസന ഫണ്ട് ജനറൽ+ 250000-CFC) | 500000 | 38/14-03-25/250000 (KSEB ചിറ്റൂർ ഡിവിഷൻ) 41/21-03-25/250000 (KSEB കൊഴിഞ്ഞാമ്പാറ -31713, KSEB വേലന്താവളം - 32067, KSEB ചിറ്റൂർ - 186220) |
| 2 | 194/2025(SO) | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 656500 (CFC) | 656500 | 22401295/31-03-25/656500 (KSEB വേലന്താവളം - 86535, KSEB കൊഴിഞ്ഞാമ്പാറ - 569965) |
| 3 | 67/2025 | സ്ട്രീറ്റ് ലൈറ്റ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 328000 (CFC) | 115326 | 22401293/31-03-25/84451 (KSEB ചിറ്റൂർ ഡിവിഷൻ) 22401270/28-03-25/30875 (KSEB ചിറ്റൂർ ഡിവിഷൻ) |

പ്രവൃത്തിയുടെ പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/25-6-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാകുന്നപക്ഷം ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 എ.ബി.സി പദ്ധതിയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പാലക്കാട് ജില്ലാ പഞ്ചായത്തും, ജില്ലയിലെ മറ്റു ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും സംയുക്തമായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതി യുടെ നടത്തിപ്പിനായി 2024-25 വർഷത്തിൽ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ

വിഹിതമായി 350000രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 799011400002200 STSB പാലക്കാട്) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 113/2025 എ.ബി.സി പ്രോഗ്രാം വിഹിതം കൈമാറൽ |
| അടങ്കൽ | 350000 രൂപ |
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ |
| ചെലവ് | 350000 രൂപ |
| ബിൽ നം./ തീയതി | 29/03-01-2025 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് തുക വകയിരുത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട് (നായ ഒന്നിന്, മൃഗസംരക്ഷണ വകുപ്പ് കണക്കാക്കിയ നിരക്ക് മരുന്നിനത്തിൽ 600 രൂപയും, 200 രൂപ നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിയ്ക്കുന്നതിന് 300 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിന്റെ പ്രതിഫലം ആകെ 1,500 രൂപ) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള *തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ വിനിയോഗ സാക്ഷപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.11/26-06-25 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവു തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.*

## 1-26 അനിവാര്യ വകയിരുത്തലുകളിൽ ഉൾപ്പെട്ട പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 12 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 3 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാത്തവയിൽ അനിവാര്യ വകയിരുത്തലുകളിൽ ഉൾപ്പെട്ട ഒരു പ്രൊജക്ടും ഒരു സ്പിൽ ഓവർ പ്രൊജക്ടും ഉൾപ്പെടുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### എ) അഗതിരഹിത കേരളം

പ്രൊജക്ട് നം.193/25 പ്രകാരം 1300000രൂപ അടങ്കലിൽ അഗതിരഹിത കേരളം പദ്ധതി ആവിഷ്കരിച്ചെങ്കിലും പദ്ധതി പ്രകാരം ചെലവില്ല. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി-14/04/2022 ഖ.5.2(എ) പ്രകാരം അനിവാര്യ വകയിരുത്തലുകളിൽ ഉൾപ്പെട്ട പദ്ധതി നടപ്പിലാക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/27-06-25 ന് ഇപ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്, "അഗതിരഹിത കേരളം പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളായ 224 പേർക്ക് നൽകുന്നതിനായി കിറ്റുകൾ 29-03-2025 ന് ലഭിച്ചിരുന്നു. ഗുണഭോക്താക്കൾക്ക് ആയത് വിതരണം ചെയ്യുകയും ചെയ്തിരുന്നു. ട്രഷറി നിയന്ത്രണം മൂലം ബിൽ ട്രഷറിയിൽ സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല ". അഗതി രഹിത കേരളം

പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും അഗതികൾക്ക് ലഭ്യമാക്കേണ്ട പരിചരണ സേവന പാക്കേജിന്റെ വിശദാംശങ്ങളും 12.12.2017-ലെ സ.ഉ(എം.എസ്) 252/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഗ്രാമപഞ്ചായത്ത് വിഹിതം 35% വകയിരുത്തി മുൻകൂട്ടി പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ജില്ലാ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും യഥാസമയം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

**ബി) പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ**

മുൻവർഷങ്ങളിൽ ആരംഭിച്ചതും 2024-25 വർഷത്തിൽ സ്പിൽ ഓവർ ആക്കിയതുമായ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ പദ്ധതി 907882രൂപ അടങ്കലിൽ ആവിഷ്കരിച്ചെങ്കിലും തൻവർഷം നടപ്പിലാക്കിയില്ല. 2025-26 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്കുകൾ വിതരണം ചെയ്തിട്ടുണ്ട്, ബിൽ ഉടൻ ട്രഷറിയിൽ നൽകുന്നതാണ് എന്നാണ് ഓഡിറ്റ് അന്വേഷണം നം. 20/27-06-25 -ന്റെ മറുപടി പ്രകാരം അറിയിച്ചിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതിയായിട്ടും ഓഡിറ്റ് വർഷം നടപ്പിലാക്കാതിരുന്നതിന്റെ കാരണം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കലും സ്വീകരിക്കേണ്ട തുടർ നടപടികളും സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി-14/04/2022 ഖണ്ഡിക 11 -ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-27 വിദ്യാർത്ഥികൾക്ക് പഠനമുറി - എസ്.സി (New) - നിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ അനുവദിക്കേണ്ടതാണ്

പ്രോജക്ട്- 88/25 (New) - വിദ്യാർത്ഥികൾക്ക് പഠനമുറി - എസ്.സി

അടങ്കൽ- 1800000 (വികസന ഫണ്ട്- എസ്. സി. പി)

ചെലവ് - 270000 (വികസന ഫണ്ട്- എസ്. സി. പി)

ബിൽ നം./തീയതി - 27/25-03-25

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 200000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഓഡിറ്റ് വർഷത്തിൽ 9 പേർ ആദ്യ ഗഡു 30000 രൂപ കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നൽകാനുള്ള തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | വിസ്മയ<br>D/O വിനു, അരണപ്പള്ളം, തെക്കേദേശം | 30000 | 170000 | 01/04/2025 |
| 2 | റിഥുചന്ദ്ര<br>D/O ചന്ദ്രബാബു, എരിശ്ശേരി | 30000 | 170000 | 01/04/2025 |
| 3 | ആരു ടി | 30000 | 170000 | 01/04/2025 |

| | | | | |
|---|---|---|---|---|
| | D/O തങ്കവേലു, വട്ടംപൊറ്റ | | | |
| 4 | വിബിതരാജ് D/O രാജു, കുറുക്കൻപൊറ്റ | 30000 | 170000 | 29/03/2025 |
| 5 | മനോജ് S/O മുരുകേശൻ, എരിശ്ശേരി | 30000 | 170000 | 29/03/2025 |
| 6 | അമൃതവർഷിണി D/O വിജയൻ, എരിശ്ശേരി | 30000 | 170000 | 29/03/2025 |
| 7 | അനുഷ D/O ഓമനക്കുട്ടൻ, വട്ടംപൊറ്റ | 30000 | 170000 | 29/03/2025 |
| 8 | അനുസ്മയ D/O വേലായുധൻ കുട്ടി, കണക്കമ്പാറ | 30000 | 170000 | 29/03/2025 |
| 9 | ശ്രീനിത D/O ശശി, കണക്കമ്പാറ | 30000 | 170000 | 29/03/2025 |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ (നം.20/27-06-2025) ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേരും പഠനമുറി നിർമ്മാണം മെയിൻവാർപ്പ് കഴിഞ്ഞവരും ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചവരുമാണ്. കെ സ്മാർട്ട് സോഫ്റ്റ്വെയറിൽ ബിൽ എടുക്കുന്നതിന് സാങ്കേതിക തടസ്സം ഉള്ളതിനാലാണ് അടുത്തഗഡു നൽകുവാൻ കഴിയാതെ വന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. മുഴുവൻ ഗുണഭോക്താക്കളുടെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ ആരംഭിച്ചതും 2024-25 വർഷത്തിൽ സ്പിൽ ഓവർ ആക്കിയതുമായ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പദ്ധതികൾ തൻവർഷം നടപ്പിലാക്കിയില്ല. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണവും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/24-06-2025) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമനം | പ്രവൃത്തി | അടങ്കൽ | ഫണ്ടിനം | നടപ്പിലാക്കാതിരുന്നതിന്റെ കാരണം |
|---|---|---|---|---|
| 1 | 200/25 – കൊറ്റമംഗലം | 1500000 | കേന്ദ്രാവിഷ്കൃത ഫണ്ട് - 1000000 | MGNREGS സ്പിൽ ഓവർ പദ്ധതിയായി ആക്ഷൻ |

| | | | | |
|---|---|---|---|---|
| | അങ്കണവാടി നിർമ്മാണത്തിന് തുക കൈമാറൽ | | & ജില്ലാ പഞ്ചായത്ത് -500000 | പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2 | 199/25 – വരൾച്ച ദുരിദാശ്വാസ പദ്ധതി കുടിവെള്ള വിതരണം | 52500 | തനത് ഫണ്ട് | സർക്കാർ ഉത്തരവ് പ്രകാരം 31-05-2023 വരെയുള്ള ബിൽ തുക അനുവദിച്ചിട്ടുണ്ട്. അതിനു ശേഷം കുടിവെള്ളം വിതരണം ചെയ്തതിനായി ബിൽ തുക അനുവദിക്കുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്. |
| 3 | 197/25 – പൊതു ഇടങ്ങളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ | 870113 | തനത് ഫണ്ട്-70113 + ജില്ലാ പഞ്ചായത്ത് - 600000 + മറ്റുള്ളവ - 200000 | പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബില്ല് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിന് കെ സ്മാർട്ടിലൂടെ റിക്വസ്റ്റ് അയച്ചിട്ടുണ്ട്. |
| 4 | 196/25 – പന്നിപെരുന്തല അങ്കണവാടി നിർമ്മാണത്തിന് തുക കൈമാറൽ | 1500000 | കേന്ദ്രാവിഷ്കൃത ഫണ്ട് - 1000000 & ജില്ലാ പഞ്ചായത്ത് -500000 | MGNREGS സ്പിൽ ഓവർ പദ്ധതിയായി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 5 | 205/25 – തെക്കുമുറി അങ്കണവാടി നിർമ്മാണത്തിന് തുക കൈമാറൽ | 1500000 | കേന്ദ്രാവിഷ്കൃത ഫണ്ട് - 1000000 & ജില്ലാ പഞ്ചായത്ത് -500000 | MGNREGS സ്പിൽ ഓവർ പദ്ധതിയായി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കലും സ്വീകരിക്കേണ്ട തുടർ നടപടികളും സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി-14/04/2022 ഖണ്ഡിക 11 -ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും അല്ലാത്ത പക്ഷം നിർവഹണ നടപടികൾ ആരംഭിക്കാത്ത പ്രൊജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാവുന്നതും ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ നിർവഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവാസാനിപ്പിക്കാവുന്നതുമാണ്.

## 1-29 പൊതുമരാമത്ത് പ്രവൃത്തികൾ ഇൻഷൂർ ചെയ്യുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കാതെ നിർവ്വഹണം നടത്തിയിരിക്കുന്നു. PRIICE-3 Software നിന്ന് ലഭ്യമാകുന്ന Letter Of

Acceptance ( സെലക്ഷൻ നോട്ടീസ് ) വ്യവസ്ഥ 6 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും 200000/-രൂപയിൽ കുറയാത്ത തുകയ്ക്ക് ഇൻഷൂറൻസ് പരിരക്ഷ എടുക്കണമെന്നും പ്രവൃത്തി തുടങ്ങി പതിനഞ്ച് ദിവസത്തിനകം ബന്ധപ്പെട്ട സാക്ഷ്യപത്രം സമർപ്പിക്കണമെന്നും ഇൻഷൂറൻസ് പരിരക്ഷ എടുക്കാത്തപക്ഷം കോൺട്രാക്ട് തുകയുടെ 0.2% പിഴ ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 09.08.2017 തീയതിയിലെ സ.ഉ.(പി) നം.03/17/പി.ഡ.ബ്ലൂ.ഡി പ്രകാരമുള്ള സ്റ്റാൻഡേർഡ് ബിഡ് ഡേക്യുമെന്റ് പാർട്ട് II General Conditions Of Contract ലെ ഖണ്ഡിക 12(3), Part IV Contract Data യുടെ 21 ാം പിരുവ് പ്രകാരം എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും ഇൻഷൂറൻസ് പരിരക്ഷ നിർബന്ധമാണെന്നെരിക്കെ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികൾക്ക് ഇൻഷൂറൻസ് പരിരക്ഷ എടുക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | കോൺട്രാക്ട് തുക | ഈടാക്കേണ്ട പിഴ ( 0.2% ) |
|---|---|---|---|---|
| 1 | 237/2025-ചെറിയ കുറ്റിപ്പള്ളം റോഡ് ടാറിംഗ് | രാജേഷ്.പി | 439795 | 880 |
| 2 | 249/25-പണിക്കർകളം ബ്രാഞ്ച് റോഡ് റീ കോൺക്രീറ്റിംഗ് | രാധാകൃഷ്ണൻ.കെ | 137556 | 275 |
| 3 | 183/25-പഞ്ചായത്ത് ഭിന്നശേഷി സൌഹൃദമാക്കൽ | പ്രസൂൾ.പി | 50000 | 100 |
| 4 | 182/25-സംഗമ നഗർ തോടിൽ കൾവർട്ട് നിർമ്മാണം | പ്രസൂൾ.പി | 246756 | 494 |
| 5 | 230/25-എം.സി.എഫ് കെട്ടിടത്തിന് അധിക സൌകര്യം | രാജേഷ്.പി | 730139 | 1460 |
| 6 | 185/25-സ്ക്കൂളുകളിൽ കുടിവെള്ള സംഭരണിയും സ്റ്റാൻഡും സ്ഥാപിക്കൽ | പ്രസൂൾ.പി | 204617 | 409 |
| 7 | 226/25-സബ്സെന്ററുകളുടെ നവീകരണം | രാജീവ്.വി | 351704 | 703 |
| 8 | 131/25-ആനന്ദൻ സ്ട്രീറ്റ് ബ്രാഞ്ച് റോഡ് പുനരുദ്ധാരണം | മണി.കെ | 188406 | 377 |

| | | | | |
|---|---|---|---|---|
| 9 | 133/25-ആനന്ദ സ്ട്രീറ്റ് റോഡ് പുനരുദ്ധാരണം | മണി.കെ | 334368 | 669 |
| 10 | 159/25-കൌണ്ടൻകുളം എസ്.സി കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ-ടാറിംഗ് | സുരേഷ്. എ | 815887 | 1632 |
| 11 | 243/25-കല്ലായിക്കുളമ്പ് - നരൻകുഴി റോഡ് പുനരുദ്ധാരണം | മുത്തലിവ്.എസ് | 807843 | 1616 |
| 12 | 173/25-ഒലുവുംപൊറ്റ റോഡ് റീടാറിംഗ് ആന്റ് റീ റസ്റ്റോറേഷൻ | അഭിലാഷ്.ആർ | 491654 | 983 |
| 13 | 229/25-കേണംപുള്ളി വാക്കോട് റോഡ് റീടാറിംഗ് | സുരേഷ്.എ | 823829 | 1648 |
| 14 | 187/25-പ്രസിഡന്റ് ക്യാബിൻ, എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗം ഓഫീസ് മീറ്റിംഗ് ഹാൾ, യുനാനി ഡിസ്പെൻസറി നവീകരണം | പ്രസൂൾ.പി | 477812 | 956 |
| ആകെ | | | | 12202 |

മേൽ സൂചിപ്പിച്ച വിഷയത്തിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 09/24.06.25) ലഭിച്ച മറുപടിയിൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തുക ഈടാക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തുക ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

**ഓഡിറ്റ് നിർദ്ദേശം**

പ്രസ്തുത പ്രവൃത്തികളുടെ ഫൈൻ ഈടാക്കുന്നതോടുകൂടി ഇൻഷൂറൻസ് പരിരക്ഷയുടെ ആവശ്യമില്ലാതാവുന്നില്ല. ഫൈൻ ഈടാക്കിയതിനുശേഷം പ്രവൃത്തികൾക്ക് ഇൻഷൂറൻസ് എടുക്കുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഇൻഷൂറൻസ് എടുത്തിട്ടില്ലാത്തതും നിലവിൽ പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ ഡിഫെക്ട് ലയബിലിറ്റി പീരീഡ് (DLP) കഴിയുന്നതിനുള്ളിൽ ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്കും ഹാനികൾക്കും നഷ്ടപരിഹാരം നല്കുന്നതിനായി കരാറുകാരനിൽ നിന്ന്

നഷ്ടപരിഹാര ബോണ്ട് ( Indemnity Bond) വാങ്ങേണ്ടതാണ് . നഷ്ടപരിഹാര ബോണ്ട് ലഭ്യമാക്കിയതിനുശേഷം മേൽ പ്രവൃത്തികളുടെ ബിൽ തുക കരാറുകാരന് അനുവദിക്കുന്നുള്ളു എന്ന് ഡി.ഡി.ഒ മാർ ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-30 കരാർ വയ്ക്കുന്നതിൽ കാലതാമസം-നിയമാനുസൃതം ഈടാക്കേണ്ടുന്ന പിഴ ഈടാക്കിയിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫോം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. Letter Of Acceptance തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ അസി. എഞ്ചിനീയർ നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും നടപടിക്രമങ്ങൾ പാലിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി ( Letter Of Acceptance തീയതി) | എഗ്രിമെന്റ്നം & തീയതി, കരാറുകാരൻ | നിയമാനുസൃതം ഈടാക്കേണ്ടുന്ന പിഴ (1%) |
|---|---|---|---|---|
| 1 | 175/25-കൊടുക്കാപ്പുള്ളി ചേരുംകാട് റോഡ് സൈഡ് പ്രൊട്ടക്ഷൻ APAC-729501<br>1.ബിൽ നം. 57/24-25 തീയതി 15.01.25=480830<br>2.ബിൽ നം. 86/ /24-25 തീയതി 18.03.25=349707 | 05.12.23 | 14/2024-25/AE/LSGD/NPY/ തീയതി 27.12.2023 പോസിഡോൺ ഇൻഫ്രാടെൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 7295 |
| 2 | 167/25-വളവുപാലം പാലപ്പള്ളം റോഡ് സൈഡ് പ്രൊട്ടക്ഷൻ APAC-562467<br>1.ബിൽ നം.56/24-25/ തീയതി 10.01.25=482017<br>2.ബിൽ നം.85/24-25/ തീയതി 18.03.25=181687 | 05.12.2023 | 13/2023-24/AE/LSGD/NPY/ തീയതി 27.12.2023 പോസിഡോൺ ഇൻഫ്രാടെൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 5625 |

| | | | | |
|---|---|---|---|---|
| 3 | 170/25-കിഴക്കേകുപ്പയ്യൻച്ചള്ള റോഡ് സൈഡ് പ്രൊട്ടക്ഷൻ APAC-752696 1.ബിൽ നം.65/24-25/ തീയതി 18.03.25=888181 | 05.12.2023 | 15/2023-24/AE/LSGD/NPY/ തീയതി 27.12.2023 പോസിഡോൺ ഇൻഫ്രടെൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 7527 |
| ആകെ | | | | 20447 |

നിയമാനുസൃതം ഈടാക്കേണ്ടുന്ന പിഴ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.09/24.06.25) ലഭിച്ച മറുപടിയിൽ തുക ഉത്തരവാദിയായ കരാറുകാരിൽ നിന്ന് ഈടാക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതപിഴയിനത്തിനുള്ള തുക ഈടാക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-31 കംപോസിറ്റ് പിറ്റുകൾ ഉപയോഗരഹിതമായി അവശേഷിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന കമ്പോസിറ്റ് പിറ്റുകളുടെ നിർവ്വഹണം , ഉപയോഗം, മേൽനോട്ടം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തികൾ 26.06.25 ന് നിർവ്വഹണോദ്യോഗസ്ഥനും ഓഡിറ്റ് ടീം അംഗങ്ങളും ചേർന്ന് സ്ഥല പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ടി രണ്ട് പിറ്റുകളും 30000/- രൂപ വീതം ചെലവഴിച്ച് നിർമ്മിച്ചതായും , നിലവിൽ ഉപയോഗരഹിതമായി അവശേഷിക്കുന്നതായും കണ്ടു. പിറ്റുകളുടെ നിർമ്മാണത്തിനായി വകയിരുത്തി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പരും തീയതിയും |
|---|---|---|---|---|
| 1 | 222/25-അത്തിക്കോട് ജി.യു.പി.എസ്സിൽ കമ്പോസിറ്റ് പിറ്റ് | 100000(30000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്+70000 കേന്ദ്രാവിഷ്കൃതം | 30000 | 97/24-25 തീയതി 22.03.25 |
| 2 | 223/25-ഗവ.ഐടിഐയിൽ കമ്പോസിറ്റ് പിറ്റ് | ടി | 30000 | 98/24-25 തീയതി 22.03.25 |

നിലവിൽ ഉപയോഗരഹിതാവസ്ഥയിലുള്ള കമ്പോസിറ്റ് പിറ്റുകളുടെ ചിത്രം താഴെ കൊടുക്കുന്നു,

ഗവ.ഐ.ടി.ഐ,നല്ലേപ്പിള്ളി ജി.യു.എൽ.പി.സ്ക്കുൾ, അത്തിക്കോട്





ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (19/26.06.25) മറുപടി ലഭിച്ചിട്ടില്ല. പ്രസ്തുത പിറ്റുകൾ പ്രവർത്തന സജ്ജമാക്കി ഉപയോഗം ഉറപ്പാക്കുകയും, കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തുകയും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-32 ടേക്ക് എ ബ്രേക്ക്-തുടർ നടത്തിപ്പ് -സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല

നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം.235/25-ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് അധിക സൌകര്യം-സ്ലിൽ ഓവർ

അടങ്കൽ-546639( സി.എഫ്.സി.ടൈഡ്)

APAC-455818

ചെലവ്-526434

കരാറുകാരൻ -അഭിലാഷ്.ആർ

എഗ്രിമെന്റ്-07/2024-25/AE/LSGD/NPY തീയതി 17.07.2024

ഈ.എം.ബുക്ക് നം.LSGD/CELSGD/EST/123230/2023_5_1_1/RE1

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിലുൾപ്പെട്ട ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ 4ാം വാർഡിലെ ശങ്കരച്ചാമ്പാളയത്ത് പിഡബ്ല്യൂഡി റോഡിനു സമീപമാണ് കെട്ടിടം പണി പൂർത്തീകരിച്ചിരിക്കുന്നത്. ടി പദ്ധതിയ്ക്കായി 2020-21 വർഷത്തിൽ കെട്ടിടം നിർമ്മാണത്തിനായി ആകെ വകയിരുത്തിയിരിക്കുന്നത് 10 ലക്ഷം രൂപയാണ്. ടി തുകയിൽ സി.എഫ്.സി ഫണ്ട് 373476രൂപയും ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് 500000/- രൂപയും 2020-21 വർഷത്തിൽ ചെലവഴിച്ച് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഒരു ഹാൾ, ഒരു കടമുറി, സ്ത്രീകളുടെ ടോയ് ലെറ്റ് , പുരുഷന്മാർക്കുള്ള യുറിനൽസും ഒരു ടോയ് ലെറ്റ് എന്നിവ പണിതിട്ടുണ്ട്. കെട്ടിടത്തിന്റെ ചുറ്റും ഇന്റർലോക്ക് ടൈലും റെഡിമെയ്ഡ് സെപ്റ്റിക്ക് ടാങ്കും പണിതിട്ടുണ്ട്. എൽ.എസ്.ജി.ഡി എഞ്ചിനീയറും ഓഡിറ്റ് അംഗങ്ങളും കൂടി 26.6.25 ൽ നടത്തിയ സ്ഥല പരിശോധനയിൽ 2023-24 സാമ്പത്തിക വർഷത്തിൽ 526434-രൂപ ചെലവഴിച്ച് പദ്ധതി പ്രകാരം ചെയ്യാൻ ഉദ്ദേശിച്ചിരുന്ന, നിലവിലുള്ള കെട്ടിടത്തിന്റെ മുൻവശത്തും , വശങ്ങളിലുമായി വിശ്രമിക്കുന്നതിനുള്ള

ഇരിപ്പിടം ഉറപ്പാക്കുന്നതിനായി ട്രസ് വർക്ക് ചെയ്ത റൂഫിംഗ് ജി.ഐ ഷീറ്റ് വിരിച്ചതായും, കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ടെന്നും, എന്നാൽ കെട്ടിടം ഉപയോഗത്തിനായി തുറന്ന് കൊടുത്തിട്ടില്ലെന്നും, പ്രസ്തുത കെട്ടിടത്തിലെ കാന്റീൻ നടത്തിപ്പിനായി കുടുംബശ്രീ യൂണിറ്റിനെ തെരഞ്ഞെടുത്ത് തുടർനടത്തിപ്പ് എഗ്രിമെന്റ് വെച്ച് കൈമാറിയിട്ടില്ലെന്നും കണ്ടു.





27.07.2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1401/2020/ത.സ്വ.ഭ.വ തീയതി 27.07.2020 മാർഗ്ഗനിർദ്ദേശം XIVപ്രകാരം ടേക്ക് എ.ബ്രേക്ക് കെട്ടിടത്തിലെ അടിസ്ഥാന ശുചിമുറികൾ, സ്റ്റാൻഡേർഡ് ശുചിമുറികൾ, പ്രിമിയം ശുചിമുറികൾ എന്നിവയ്ക്ക് യൂസർ ഫീ ഈടാക്കുന്നതിനെ കുറിച്ച് നിർദ്ദേശമുണ്ട്. യൂസർ ഫീ ഈടാക്കാവുന്നതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ശുചിമുറിയുടെ തരം | ഈടാക്കാവുന്ന യൂസർ ഫീ | |
|---|---|---|---|
| | | യൂറിനൽ/ വ്യക്തികൾ | ശൗചാലയം/ വ്യക്തികൾ |
| 1 | അടിസ്ഥാന ശുചിമുറി | 1രൂപ | 2രൂപ |
| 2 | സ്റ്റാൻഡേർഡ് ശുചിമുറി | 1രൂപ | 3രൂപ |
| 3 | പ്രീമിയം ശുചിമുറി | 2രൂപ | 3രൂപ |

പ്രസ്തുത ഉത്തരവിൽ അധിക വരുമാനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ശുചീകരണത്തിനുള്ള മാനദണ്ഡങ്ങളെകുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്.
തുടർനടപടികൾ സ്വീകരിച്ച് ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/27.06.25) ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മറ്റ് ഭരണസമിതി അംഗങ്ങളുമാണ് പ്രസ്തുത വിഷയത്തിന് നടപടികൾ സ്വീകരിക്കേണ്ടതെന്ന് സൂചിപ്പിച്ചിരിക്കുന്നു. കെട്ടിടം ഗ്രാമപഞ്ചായത്തിന് വരുമാനമുണ്ടാക്കുന്ന തരത്തിൽ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ആസ്തി സംരക്ഷണ പദ്ധതി, മാസ്റ്റർ ഡ്രെനേജ് പദ്ധതി, അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി എന്നിവ തയ്യാറാക്കുന്നത് സംബന്ധിച്ച്

1.സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന്

